"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - പെരുമ്പാവൂർ ടിമ്പർ സെയിൽസ് ഡിവിഷനിലെവീട്ടൂർ, മുടിക്കൽ, ചാലക്കുടി ഡിപ്പോകളിൽ നടന്ന വിവിധ ലേലങ്ങളിൽ വിളിച്ചെടുത്ത തടികളുടെ പണമടയ്ക്കേണ്ട കാലാവധി അവസാനിച്ചിട്ടുള്ളതിനാൽ പണമടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.262/2024/F&WLD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-

1. ടിപ്പിക്കൽ ടീക്ക്, ടിപ്പിക്കൽ സപ്ലൈയേഴ്സ് എന്നീ സ്ഥാപന ഉടമകളായ ശ്രീ.നജിൽ അഹമ്മദ്, ശ്രീ.സാദിഖ് അലി എന്നിവർ 2/8/2023-ൽ ബഹു. വനം വന്യജീവി വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം.
2. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ ./8/2023-ലെ പ്രൊ(5)-5250/23 നമ്പർ കത്ത്.

**ഉത്തരവ്**

പെരുമ്പാവൂർ ടിമ്പർ സെയിൽസ് ഡിവിഷനിലെ വിട്ടൂർ, മുടിക്കൽ, ചാലക്കുടി ഡിപ്പോകളിൽ 24/01/2023, 17/02/2023, 06/03/2023 തീയതികളിൽ നടന്ന വിവിധ ലേലങ്ങളിൽ, ടിപ്പിക്കൽ ടീക്ക്, ടിപ്പിക്കൽ സപ്ലൈയേഴ്സ് എന്നീ തടിവ്യാപാര സ്ഥാപനങ്ങൾ, വിളിച്ചെടുത്ത തടികളുടെ പണമടയ്ക്കേണ്ട കാലാവധി 06/07/2023-ൽ അവസാനിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് തുക അടച്ച് തടി ഏറ്റെടുക്കാൻ കഴിഞ്ഞിരുന്നില്ല. വിപണിയിൽ നിന്നും പിരിഞ്ഞ് കിട്ടേണ്ട തുകകൾ യഥാസമയം പിരിഞ്ഞ് കിട്ടാതിരിക്കുകയും ശാരീരികമായ ചില അസ്വസ്ഥതകൾ നേരിടേണ്ടി വരികയും ചെയ്തതിനാലാണ് പണമടയ്ക്കാൻ യഥാസമയം കഴിയാതിരുന്നതെന്നും ആയതിനാൽ പണമടയ്ക്കുന്നതിനുള്ള കാലാവധി രണ്ട് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകണമെന്നും പിഴയുൾപ്പെടെയുള്ള തുക അടക്കുന്നതിന് സന്നദ്ധരാണെന്നും അറിയിച്ച് മേൽ തടി വ്യാപാരസ്ഥാപന ഉടമകളായ ശ്രീ. നജിൽ ഹമീദ്, ശ്രീ.സാദിഖ് അലി എന്നിവർ പരാമർശം 1) പ്രകാരം ബഹു.വനം വന്യജീവി വകുപ്പ് മന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു.

2. ടിപ്പിക്കൽ ടീക്ക്/ടിപ്പിക്കൽ സപ്ലൈയേഴ്സ് എന്നീ തടി വ്യാപാര സ്ഥാപനങ്ങൾ പിഴയുൾപ്പെടെയുള്ള തുക അടക്കുന്നതിന് സന്നദ്ധത പ്രകടിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ശാരീരിക അവശതകളാലും, സാമ്പത്തിക ബുദ്ധിമുട്ടുകളാലും നിലവിൽ ടി സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് സംഭവിച്ച വീഴ്ച മാപ്പാക്കി, ടിയാന്മാരുടെ അപേക്ഷ അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്നും, സർക്കാർ തീരുമാനിക്കുന്ന യുക്തമായ

പിഴപ്പലിശയും, സർചാർജ്ജും ഈടാക്കിക്കൊണ്ടോ, ബാക്കി തുക അടവാക്കുന്നതിനും, തടികൾ നീക്കം ചെയ്യുന്നതിനും, ടിപ്പിക്കൽ ടീക്ക്/ടിപ്പിക്കൽ സപ്ലൈയേഴ്സ് എന്നീ സ്ഥാപനങ്ങൾക്ക് അനുവാദം നൽകാവുന്നതാണെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അപ്രതീക്ഷിതമായി നേരിട്ട സാമ്പത്തിക ബാധ്യതയും, ശാരീരിക അവശതകളും കാരണം അപേക്ഷകർക്ക് യഥാസമയം പണമടക്കാൻ സാധിക്കാതെ വന്നതിനാൽ ഒരു ഇളവ് എന്ന നിലയ്ക്ക് ഒരവസരം കൂടി നൽകി 48% പിഴപലിശയും, 5% സർചാർജ്ജും ഈടാക്കി ഉത്തരവാകുന്ന തീയതി മുതൽ 45 ദിവസത്തിനകം ലേലഉരുപ്പടികൾ നീക്കം ചെയ്യുന്നതിന് ടിപ്പിക്കൽ ടീക്ക്, ടിപ്പിക്കൽ സപ്ലൈയേഴ്സ് എന്നീ സ്ഥാപന ഉടമകളെ അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

ശ്രീ.നജിൽ ഹമീദ് / ശ്രീ.സാദിഖ് അലി, ടിപ്പിക്കൽ ടീക്ക്/ടിപ്പിക്കൽ സപ്ലൈയേഴ്സ്,പന്നിക്കോട്,

മുക്കം, കോഴിക്കോട്- 673602.

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ്(ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ &ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (2664859 /Agri-A1/8/2024-FIN dated 11/3/2024)
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Ramjan P A
Date: 14-06-2024 13:59:36
സെക്ഷൻ ഓഫീസർ

പകർപ്പ് :- മുഖ്യമന്ത്രിയുടെ ഓഫീസിന്/ വനം വന്യജീവി വകുപ്പ് മന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ് , അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിന്.